Talented Bankers Literary Panel
പുസ്തകപരിചയം 104

ഗന്ധർവ്വോത്സവം

പത്മരാജൻ ഫിലിം ഫെസ്റ്റിവൽ

ലിറ്ററി പാനൽ സ്പെഷ്യൽ റിവ്യൂ

**നക്ഷത്രങ്ങളേ കാവൽ.**
**പത്മരാജൻ.**

1972ലെ കേരള സാഹിത്യ അക്കാദമി അവാർഡ് നേടിയ നോവൽ.

അവതരണം :
അനിത വി കെ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
പൂവാർ ശാഖ.

എഴുപതുകളുടെ ആരംഭത്തിൽ കുങ്കുമം വാരികയിൽ പ്രസിദ്ധീകരിച്ച ഈ നോവൽ.. അന്ന് വായിക്കുമ്പോൾ പലതും മനസ്സിലായില്ല...

കഥ പറഞ്ഞു പറഞ്ഞു കഥാകാരനാക്കിയ.. അതിശക്തയായൊരു സ്ത്രീരത്നം ആയിരുന്നു.. പദ്മരാജനെ ഒരുപാട് സ്വാധീനിച്ച ഞവരക്കൽ ദേവകിയമ്മ... പദ്മരാജന്റെ പ്രിയപ്പെട്ട അമ്മ...
അതുകൊണ്ടു തന്നെയാവും അദ്ദേഹത്തിന്റെ സ്ത്രീ കഥാപാത്രങ്ങൾ അതി ശക്തരാകുന്നതും

പ്രഭുവിന്റെ കഥയാണെങ്കിലും കല്യാണികുട്ടിയുടെ കഥ മാത്രമായി തീരുന്നു ചിലപ്പോഴെങ്കിലും ഈ നോവൽ
എസ്റ്റേറ്റ് ഉടമയും അളവറ്റ സ്വത്തുമുള്ള പ്രഭു, രണ്ടാനച്ഛന്റെ കളിപ്പാവയാണ്. എല്ലാവിധ വഷളത്തരങ്ങൾക്കും പ്രലോഭിപ്പിക്കുകയും കൂട്ടു നിൽക്കുകയും ചെയ്യുന്ന രണ്ടാനച്ഛൻ..

പ്രഭുവുമായുള്ള അടുപ്പത്തിന്റെ പേരിൽ, പരീക്ഷ എഴുതാൻ സമ്മതിക്കാതെ, കല്യാണിക്കുട്ടിയെ അമ്മ കോളേജിൽ നിന്നും പിടിച്ചു കൊണ്ട് വരുന്നിടത്തു നിന്നാണ് കഥ തുടങ്ങുന്നത്...
കല്യാണികുട്ടിക്കാകട്ടെ ഒരു കൂസലുമില്ല..
വീട്ടു തടങ്കലിലായ കല്യാണികുട്ടിയെ തേടി നാട്ടിലുള്ള ഹോട്ടലിലെത്തിയ പ്രഭുവിനെ കാണാൻ, കല്യാണിക്കുട്ടി

ഹോട്ടലിലെത്തുന്നു.. അതൊരു തെറ്റാണെന്നു കല്യാണിക്കുട്ടിക്കു തോന്നുന്നില്ല.. പക്ഷെ, മദ്യപിച്ചു. അപമര്യാദയായി പെരുമാറിയ പ്രഭുവിന്റെ ചെകിട്ടത്തടിച്ചു വീട്ടിലേക്കു തിരിച്ചു പോയ കല്യാണിക്കുട്ടി, പ്രിയപ്പെട്ട കൂട്ടുകാരിയും നാട്ടുകാരിയുമായ ശോഭയെ പെണ്ണുകാണാനാണ് പ്രഭു വന്നതെന്നറിഞ്ഞു തകർന്നുപോകുന്നു...

ശോഭയുടെ ജീവിതം സ്വയം ക്ഷണിച്ചു വരുത്തുന്ന ദുരന്തങ്ങളുടെ ഒരു ഘോഷയാത്രയാണ്.

വിവാഹിതയായി പ്രഭുവിന്റെ വസതിയിൽ എത്തുന്ന ശോഭ കാണുന്നത് അസാധാരണ കാഴ്ചകളാണ്..
എല്ലാ വഷളത്തരങ്ങളുടെയും കൂത്തരങ്ങായ പ്രഭു..
പ്രഭുവിന്റെ അച്ഛനെ വിഷം കൊടുത്തു കൊന്നിട്ട് അമ്മയെ സ്വന്തമാക്കിയ, കാര്യസ്ഥനായിരുന്ന രണ്ടാനച്ഛൻ.. ഭയം മൂലം പുറത്തു നിന്നുള്ള ആഹാരം മാത്രം കഴിക്കുന്ന.. അടക്കി ഭരിക്കുന്ന രണ്ടാനച്ഛൻ..
സ്വന്തം മുറിയിൽ അടച്ചിരിക്കുന്ന പ്രഭുവിന്റെ അമ്മ..
രണ്ടാനച്ഛന്റെ മകളായ.. ശോഭയുടെ സഹപാഠി ആയ.. നീലിമ..

പ്രസവത്തിനു സ്വന്തം വീട്ടിലെത്തുന്ന ശോഭ കല്യാണിക്കുട്ടിയെ കാണാനാഗ്രഹിക്കുന്നു..
പ്രസവത്തെ തുടർന്നുള്ള രക്തസ്രാവത്താൽ അവശയായ ശോഭ, പ്രഭുവിന്റെ വീട്ടിൽ അനുഭവിക്കേണ്ടിവന്ന പീഡനങ്ങളും രണ്ടാനച്ഛന്റെ കാമഭ്രാന്തിനു ഇരയായ വിവരവും കല്യാണികുട്ടിയോടു തുറന്നു പറയുന്നു.. തന്റെ കുഞ്ഞിനെ കല്യാണിക്കുട്ടി വളർത്തണമെന്ന ആഗ്രഹവും..
ശോഭയുടെ മരണത്തോടെ പാടെ മാറിയ പ്രഭു കുഞ്ഞിനുവേണ്ടി കല്യാണികുട്ടിയെ വിവാഹം കഴിക്കുന്നു.. പ്രഭുവിന്റെ രണ്ടാം ഭാര്യയായി വീട്ടിലെത്തുന്ന കല്യാണി, വീടിനെ.. ആളുകളെ.. ഒക്കെ മാറ്റി മറിക്കുന്നു...

ഒരു സാധാരണ പൈങ്കിളി കഥ പോലെ തോന്നാമെങ്കിലും ഗന്ധർവ തൂലിക മറ്റേതോ തലത്തിലേക്ക് മാറ്റിഎഴുതിയിരിക്കുന്നു.

ഇത് സ്ത്രീകളുടെ കഥയാണ്..
ഭർത്താവു മരിച്ച രണ്ടു സ്ത്രീകൾ.. തന്റേടിയായ അമ്മയും പാവം ചെറിയമ്മയും ചേർന്നു.. വളർത്തിയ സ്വന്തം പ്രമാണങ്ങളിൽ വിശ്വസിക്കുന്ന ആരെയും കൂസാത്ത, കല്യാണികുട്ടിയുടെ കഥ..
സ്ത്രീകളെ തന്റെ ആഗ്രഹങ്ങൾക്കനുസരിച്ചു ഉപയോഗിക്കുന്ന പുരുഷനോട് വിവാഹത്തിനു മുൻമ്പു തന്റെ "ചാരിത്ര്യം" നശിപ്പിച്ചുകൊണ്ട് പ്രതികാരം തീർക്കുന്ന,

ആരോടും എതിർവാക്കു പറയാതെ, സ്വന്തം വേദനകളുടെ തീ വിഴുങ്ങി കഥാവശേഷയായ ശോഭയുടെ കഥ..
സ്വന്തം ഭർത്താവിനെ വിഷം കൊടുത്തു കൊന്നു എന്നുറപ്പുണ്ടായിട്ടും, അയാളെ തന്നെ രണ്ടാം വിവാഹം കഴിക്കുകയും പ്രതിഷേധ സൂചകമായി സ്വന്തം മുറിയിൽ അടച്ചിരുന്നു സ്വയം ഉരുകി തീരുകയും ചെയ്യുന്ന പ്രഭുവിന്റെ അമ്മയുടെ കഥ...

അഗ്നിപർവതങ്ങൾ പൊട്ടിയൊലിച്ച.. മേഘ സ്ഫോടനം നടന്ന.. നക്ഷത്രങ്ങൾ കാവൽ നിന്ന ആ രാത്രിയിൽ.. സംഭവിക്കുന്നത് വായിച്ചറിയുന്നതല്ലേ നന്ന്..

ഒരസ്വസ്ഥത അവശേഷിപ്പിച്ചു നോവൽ അവസാനിപ്പിക്കുമ്പോൾ നമുക്കും തോന്നാം ഒരു നഷ്ടബോധം.

1978ൽ ഈ നോവൽ കെ എസ് സേതുമാധവൻ സിനിമയാക്കി. തിരക്കഥ പത്മരാജൻ തന്നെയായിരുന്നു. ജയഭാരതിയും സോമനുമാണ് മുഖ്യകഥാപാത്രങ്ങളെ അവതരിപ്പിച്ചത്.

കറന്റ് ബുക്ക്സ് ആണ് പ്രസാധകർ
വില - Rs. 245/-